നമ്പർ: 114/2023

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളി കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,
പരിശുദ്ധ സഭയുടെ ആരാധനാ ഗണത്തിൽ, 'പരമാർത്ഥികളായ ശിശുക്കൾ' നിർമ്മല സ്തുതികളുടെയും നിഷ്കളങ്ക സ്നേഹത്തിന്റേയും പ്രതിനിധികളാണ്. കുഞ്ഞുങ്ങളുടെ ആത്മീയ പരിശീലനം സഭയുടെ പ്രഥമഗണനീയ ശുശ്രൂഷയാണ്. നമ്മുടെ സൺഡേസ്കൂൾ പ്രസ്ഥാനം പ്രസ്തുത ശുശ്രൂഷ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കുന്നതിൽ പ്രസ്ഥാനം പ്രവർത്തകരെ നാം പ്രത്യേകം അഭിനന്ദിക്കുന്നു. സൺഡേസ്കൂൾ പ്രസ്ഥാനം ബോധനശൈലിയിൽ കാലികമായ മാറ്റങ്ങൾ വരുത്തിയത് ശ്ലാഘനീയമാണ്. പരീക്ഷകൾ MCQ (Multiple Choice Questions) മോഡലിൽ ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി നിർവ്വഹിക്കുന്നത് വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതിക രീതികളിൽ മികച്ച പരിശീലനത്തിനു വഴിയൊരുക്കുന്നു. കാലഘട്ടത്തിനനുസൃതമായി സൺഡേസ്കൂൾ അധ്യയനം കുട്ടികൾക്ക് ആകർഷകമാക്കുവാനുള്ള പദ്ധതികൾ ഓരോ ഇടവകയിലും ആവിഷ്കരിക്കണം. സ്മാർട്ട് ക്ലാസ്സ് മുറികളും Projector ഉൾപ്പെടെയുള്ള അനുബന്ധ സാമഗ്രികളും ഓരോ ഇടവകയിലും, സൺഡേസ്കൂൾ യൂണിറ്റിലും ക്രമീകരിക്കണം.

പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ (OSSAE) വിവിധ രാജ്യങ്ങളിലായി, ആയിരത്തിലധികം യൂണിറ്റുകളും ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികളും പതിനയ്യായിരത്തോളം അധ്യാപകരും ഉൾപ്പെടുന്ന ബ്രഹത്തായ ആത്മീയ പ്രസ്ഥാനമാണ്. ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂളും (OVBS), ഓർത്തഡോക്സ് ഗ്ലോബൽ ഓൺലൈൻ സൺഡേസ്കൂളും (OGOSS) സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രധാന ഭാഗങ്ങളാണ്. അമ്പത്തിനാല് രാജ്യങ്ങളിലായി ചിതറി പാർക്കുന്ന അറുനൂറിലധികം കുട്ടികൾക്കുവേണ്ടി OGOSS -ന്റെ അഭിമുഖ്യത്തിൽ പ്രതിവാര സൺഡേസ്കൂൾ ക്ലാസ്സുകൾ ഓൺലൈനായി നിർവ്വഹിക്കുന്നു. അതോടൊപ്പം വേദപ്രവീൺ (പ്രൈവറ്റ്) ക്ലാസ്സുകളും, സീനിയർ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രത്യേക പരിശീലന ക്ലാസ്സുകളും നിർവ്വഹിക്കുന്നു. ലോകത്തിന്റെ ഏത് ഭാഗത്തുമുള്ള കുട്ടികൾക്കും സൺഡേസ്കൂൾ അദ്ധ്യയനം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ സൺഡേസ്കൂൾ പ്രസ്ഥാനം ഒരുക്കിയിട്ടുണ്ട്. പ്രസ്ഥാനത്തിന്റെ ചുമതലയിൽ 'ദ സൺഡേസ്കൂൾ' മാസികയും പ്രസിദ്ധീകരിക്കുന്നുണ്ട്.

പെന്തിക്കോസ്തി പെരുന്നാളിന് മുമ്പുള്ള ഞായറാഴ്ചയായ മെയ് മാസം 21-ാം തീയതി പരിശുദ്ധ സഭ സൺഡേസ്കൂൾ ദിനമായി ഈ വർഷം ആചരിക്കുന്നു. ഓരോ ഇടവകയിലും സൺഡേസ്കൂളിനുവേണ്ടി അന്നേ ദിവസം പ്രത്യേക പ്രാർത്ഥന നടത്തണം. അന്നേദിവസം വിശുദ്ധ കുർബാന ഇല്ലാത്ത ദേവാലയങ്ങളിൽ അതിനടുത്ത് വി. കുർബ്ബാനയുള്ള ദിവസം സൺഡേസ്കൂൾ ദിനമായി ആചരിക്കണം. ബഹു. വികാരിമാരുടെ അധ്യക്ഷതയിൽ അധ്യാപക മീറ്റിംഗ് കൂടി സൺഡേസ്കൂൾ അധ്യയനം കാര്യക്ഷമമാക്കുവാനുള്ള പദ്ധതികൾ ക്രമീകരിക്കണം.

(മറുപുറം)

സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രധാന വരുമാന മാർഗ്ഗമായ 'സൺഡേസ്കൂൾ ദിന കവർ പിരിവ്' വിജയിപ്പിക്കുവാൻ പ്രത്യകം ശ്രദ്ധിക്കണം. 21-ാം തീയതി ഞായറാഴ്ചയിലെ കാണിക്ക തുകയും സൺഡേസ്കൂൾ ദിന കവർ പിരിവും മുഴുവനായും **ഡയറക്ടർ ജനറൽ, ഒ. എസ്. എസ്. എ. ഇ, ദേവലോകം, കോട്ടയം – 686 004** എന്ന വിലാസത്തിൽ കേന്ദ്ര ഓഫീസിൽ നിർബന്ധമായും അടയ്ക്കണം. നെറ്റ് ബാങ്കിംഗ് വഴിയോ മറ്റു തരത്തിൽ ഓൺലൈൻ ആയോ അടയ്ക്കുന്നവർ താഴെ നൽകുന്ന അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതിന്റെ വിശദവിവരം സൺഡേസ്കൂൾ കേന്ദ്ര ഓഫീസിലേക്ക് അയച്ചു കൊടുക്കണം. **(A/c. Name: DIRECTOR GENERAL OSSAE, A/c. No. 57017053258, IFS Code: SBIN0070820, Branch: SBI, Devalokam, e-mail: dgossae@gmail.com).**

നമ്മുടെ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ പുതിയ പ്രസിഡന്റായി അഭിവന്ദ്യ ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ 2023 ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ നിയമിച്ചിരിക്കുന്ന വിവരവും ഈ കൽപനയിലൂടെ അറിയിക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലം പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായെ നന്ദിപൂർവ്വം ഓർക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും  നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2023 ഏപ്രിൽ മാസം 25-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.